**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2451** **21-01-2021 - ൽ മറുപടിയ്ക്ക്**

**അനധികൃത പാറക്കടത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പാറക്കൽ അബ്ദുല്ല | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | പാറയുൽപ്പന്നങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളിലും ക്വാറികളിലും സംസ്ഥാന വ്യാപകമായി വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ വൻതോതിൽ ക്രമക്കേടുകളും തട്ടിപ്പുകളും കണ്ടെത്തിയതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (എ) | സംസ്ഥാനത്തെ ക്വാറികളിൽ നിന്നും ക്രഷറുകളിൽ നിന്നും ലോറികളിൽ ഇ-പാസ്സ് ഇല്ലാതെയും അനുവദനീയമായ അളവിൽ കൂടുതൽ ധാതുക്കൾ കയറ്റിയും സർക്കാരിന് റോയൽറ്റി ഇനത്തിൽ നഷ്ടം സംഭവിക്കുന്നു വെന്ന സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി 'ഓപ്പറേഷൻ സ്റ്റോൺ വാൾ' എന്ന പേരിൽ മിന്നൽ പരിശോധന നടത്തിയിരുന്നു. ടി മിന്നൽ പരിശോധനയിൽ ക്രമക്കേടുകളും തട്ടിപ്പുകളും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുവാദമില്ലാതെയും ചില ഉദ്യോഗസ്ഥൻമാരുടെ ഒത്താശയോടെയും വൻതോതിൽ അനധികൃതമായി പാറ കടത്തുന്നതായി കണ്ടെത്തുകയുണ്ടായോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഉദ്യോഗസ്ഥന്മാരുടെ മൗനാനുവാദത്തോടെ കരിങ്കൽ ക്വാറികളിൽ നിന്നും ടിപ്പർ ലോറികൾ ഉൾപ്പെടെയുള്ള വാഹനങ്ങളിൽ പെർമിറ്റ് അളവിലും മൂന്നിരട്ടി വരെ അധികഭാരം കയറ്റുന്നതായി വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; | (സി) | ലോറികളിൽ അനുവദിച്ചതിലധികം ധാതുക്കൾ കയറ്റി കൊണ്ടുപോകുന്നതായി മിന്നൽ പരിശോധനയിൽ വിജിലൻസ് കണ്ടെത്തിയി ട്ടുണ്ട്. |
| (ഡി) | അധികമായി കയറ്റുന്ന ലോഡിന് റോയൽറ്റി ഇനത്തിൽ സർക്കാരിന് കിട്ടേണ്ട കോടിക്കണക്കിന് രൂപയാണ് ഇതുവഴി നഷ്ടപ്പെടുന്നതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ ? | (ഡി) | ഉണ്ട്. അധികമായി കയറ്റുന്ന ലോഡിന് റോയൽറ്റി ഇനത്തിൽ സർക്കാരിന് കിട്ടേണ്ട തുക നഷ്ടപ്പെടുന്നുവെന്ന് മിന്നൽ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ